ഡോക്ടർമാരുടെ അശ്രദ്ധമൂലമുള്ള രോഗികളുടെ മരണം

22 (*307) ശ്രീ. പി. രാജു :
ശ്രീ. യു. എസ്. ശശി :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാരുടെ അശ്രദ്ധമൂലം രോഗികൾ മരിക്കാനിടയായ എത്ര സംഭവങ്ങൾ സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഇത്തരം സംഭവങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഡോക്ടർമാരുടെ അശ്രദ്ധമൂലം രോഗികൾ മരിക്കാനിടയായ 191 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങളിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരോ ജില്ലാ മെഡിക്കൽ ഓഫീസർ, വിജിലൻസ് അഡീഷണൽ ഡയറക്ടർ തുടങ്ങിയവരോ മുഖാന്തിരം അന്വേഷണം നടത്തുകയും പ്രഥമദൃഷ്ട്യാ തെളിവുണ്ടായ സാഹചര്യത്തിൽ അന്വേഷണ വിധേയമായി ഡോക്ടർമാരെ സസ്പെന്റ് ചെയ്യുകയും കുറ്റക്കാരെന്ന് തെളിഞ്ഞ സാഹചര്യത്തിൽ യഥോചിത ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട കർശന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൂടാതെ വകുപ്പ് മേധാവികളും യൂണിറ്റ് മേധാവികളും ഈ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നുണ്ട്.

ഉൾനാടൻ ജലപാതകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

23(*308) ശ്രീ. പി. വിശ്വൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly